

ജവഹർലാൽ നെഹ്റു
ജീവിതവും വീക്ഷണവും
പ്രൊഫ. ആന്റണി ഐസക്ക്

അപരസാമ്യമില്ലാത്ത വ്യക്തിത്വത്തിന് ഉടമയായിരുന്നു നവഭാരതശിൽപ്പിയായ ജവഹർലാൽ നെഹ്റു. സമ്പന്നതയുടെ നടുവിൽനിന്നും ഭാരതീയ പൊതുജീവിതത്തിന്റെ അരക്ഷിതത്വത്തിലേക്കും അനാർഭാടതകളിലേക്കും ഒരു ഇളംതെന്നൽ പോലെ ജവഹർലാൽ നെഹ്റു ഇറങ്ങിവന്നു. ഭാവിഭാരതത്തിന്റെ ഭാഗധേയം നിർണയിക്കുന്നതിൽ നെഹ്റു വഹിച്ച പങ്ക് ഇന്ത്യയുടെ ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

ISBN: 978-81-200-4128-8
SIL - 4128
വില ₹ 90/-
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ജവഹർലാൽ നെഹ്റു
ജീവിതവും വീക്ഷണവും
പ്രൊഫ. ആന്റണി ഐസക്ക്

208

# ജവഹർലാൽ നെഹ്റു

## ജീവിതവും വീക്ഷണവും

പ്രൊഫ. ആന്റണി ഐസക്ക്



2001

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2001 ................. Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*

**JAWAHARLAL NEHRU**
**JEEVITHAVUM VEEKSHANAVUM**

*By*

**Prof. Antony Isaac**

First Published : December, 2015
Second Edition : October, 2016

*Reset at*
SIL - DTP Section,
Thiruvananthapuram - 3

*Printed at*
Vijnanamudranam Press,
Thiruvananthapuram

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages, Kerala 2015

Copies : 2000

SIL / **4128** ISBN 978-81-200-4128-8

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

**Price : Rs. 90/-**

# ജവഹർലാൽ നെഹ്റു

## ജീവിതവും വീക്ഷണവും

(രണ്ടാംപതിപ്പ്)

പ്രൊഫ. ആന്റണി ഐസക്ക്

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

**പ്രൊഫ. ആന്റണി ഐസക്ക്**

ജനനം-1943 ജൂൺ 24. വിദ്യാഭ്യാസം എറണാകുളം മഹാരാജാസ് കോളെജ്, തേവര സേക്രട്ട് ഹാർട്ട്സ് കോളെജ് എന്നിവിടങ്ങളിൽ. 23-ാം വയസ്സിൽ കളമശ്ശേരി സെന്റ് പോൾസ് കോളെജിൽ അധ്യാപകനായി. 10 വർഷം കോളെജ് പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു. കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ അംഗമായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്റ്റഡിക്ലാസുകളുടെ നടുനായകത്വം വഹിക്കുകയും എറണാകുളം പാർലമെന്റ് സീറ്റിൽ മൽസരിക്കുകയും ചെയ്തു. ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിട്ടിയുടെ ചെയർമാൻ, നിരവധി ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റ്, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ്, കെ.സി.എഫ് ട്രഷറർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. കെ.ആർ.എൽ.സി.സിയുടെ പ്രഥമ ട്രഷററുമായിരുന്നു. സാമൂഹികവീക്ഷണത്തിൽ സ്ഥിതിസമത്വവാദത്തോടാണു പക്ഷം.

ഭാര്യ : ശോഭാ ആന്റണി ഐസക്

മക്കൾ : നിമാ സെൻ, നവീൻ ഐസക്

വിലാസം :

ഈരേശ്ശേരിൽ, കൊച്ചി - 682 028

professorantonyissac@gmail.com


| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | ഡോ. ബി. സുഗീത |
| സബ് എഡിറ്റർ | : | ശ്രീകല ചിങ്ങോലി |
| കവർ | : | സതീഷ്കുമാർ കെ. |

| | | |
|---|---|---|
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Dr. B. Sugeetha |
| Sub Editor | : | Sreekala Chingoli |
| Cover | : | Satheeshkumar K. |


# ആമുഖം

**ബ**ഹുമുഖപ്രതിഭയെന്ന് അക്ഷരാർഥത്തിൽ വിശേഷിപ്പിക്കാവുന്ന വ്യക്തിത്വമാണ് ജവഹർലാൽ നെഹ്റുവിന്റേത്. നവഭാരതശിൽപ്പിയായ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ എക്കാലത്തും അപരസാമ്യമില്ലാതെ നിലകൊള്ളുന്നു. ഒരൊറ്റ ജീവിതം കൊണ്ട് എന്തൊക്കെയായിത്തീരാമോ അതെല്ലാമായിരുന്നു അദ്ദേഹം. കുട്ടികളുടെ ചാച്ചാജിയും, ഇന്ത്യയുടെ ആദ്യപ്രധാനമന്ത്രിയും, നയതന്ത്രജ്ഞനും എഴുത്തുകാരനും ശാസ്ത്രസ്നേഹിയും കലാകാരനുമായിരുന്നു നെഹ്റു. സമ്പന്നതയുടെ മടിത്തട്ടുവിട്ട് സാമാന്യ ജനതയുടെ ജനപഥങ്ങളിലേക്ക് നടന്നിറങ്ങിയ നെഹ്റുവിന്റെ ജീവിതവീക്ഷണങ്ങൾ സമഭാവനയുടെയും സംസ്കാര സമ്പന്നതയുടെയും നിദർശനങ്ങളായിരുന്നു.

തീവ്രമായ ആശയങ്ങളിൽ നിന്നും പ്രവൃത്തികളിൽ നിന്നും ക്രമേണ ഒഴിഞ്ഞകന്ന് ഗാന്ധിയൻ ആദർശങ്ങളായ അഹിംസ, സത്യഗ്രഹം, നിരാഹാരം, ആയുധരഹിത വിപ്ലവം എന്നിവയിലൂടെ ചെറുത്തുനിൽപ്പിന്റെ പാഠങ്ങൾ നെഹ്റു ഇന്ത്യൻ ജനതയെ പഠിപ്പിച്ചു.

പാശ്ചാത്യരുടെ സാമ്രാജ്യത്ത നയങ്ങളെ ശക്തിയുക്തം എതിർത്ത നെഹ്റു ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തെ ലോകമെമ്പാടും ഊട്ടിയുറപ്പിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. ആ സംസ്കാരസമ്പന്നത തന്റെ കുടുംബത്തിലും സമൂഹത്തിലും ഒരുപോലെ പ്രതിഫലിപ്പിക്കുവാനും അദ്ദേഹത്തിനുകഴിഞ്ഞു.

'ആയിരം വർഷത്തിലൊരിക്കൽ പിറക്കുന്ന അന്യാദൃശപ്രതിഭ' യെന്ന വിശേഷണത്തിന് സർവഥായോഗ്യനായ ജവഹർലാൽ നെഹ്രുവിന്റെ ജീവിത-വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പും എല്ലാപ്രിയ വായനക്കാർക്കുമായി സന്തോഷപൂർവം പ്രകാശിപ്പിക്കുന്നു.

നാളന്ദ  **പ്രൊഫ. വി. കാർത്തികേയൻ നായർ**

15.10.2016  **ഡോ. ബി. സുഗീത**

# ഒന്നാംപതിപ്പിന്റെ ആമുഖം

നവഭാരതശില്പിയായ ജവഹർലാൽ നെഹ്റു ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അപരസാമ്യമില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയാണ്. അച്ഛന്റെയും അമ്മയുടെയും ഓമനയായ മകൻ, സ്നേഹിതരുടെ പ്രിയസുഹൃത്ത്, കർഷകരുടെ ആശ്രയം, രാഷ്ട്രതന്ത്രജ്ഞൻ, ഭരണാധികാരി, ശാസ്ത്രകുതുകി, കലാസ്നേഹി, ഗ്രന്ഥകാരൻ എന്നുവേണ്ട, നെഹ്റു ആരല്ല എന്നന്വേഷിക്കുകയായിരിക്കും പ്രയാസം. അക്കാലത്തെ ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ കുടുംബത്തിലാണ് നെഹ്റു ജനിച്ചത്. ഈ സമ്പന്നതയുടെ നടുവിൽ നിന്നും പൊതുജനസേവനത്തിനായി കർഷകരുടെയും നിസ്വരായ തൊഴിലാളികളുടെയും ജീവിതത്തിലേക്കിറങ്ങിവന്നപ്പോൾ നെഹ്റുവിന്റെ ജീവിതവീക്ഷണമാകെ മാറി. താൻ നേടിയെടുത്ത വിദ്യാഭ്യാസം അദ്ദേഹത്തെ സംസ്കാരമുള്ളവനാക്കി മാറ്റി. സമഭാവന, സ്നേഹം, സാഹോദര്യം, കാരുണ്യം എന്നീ മാനുഷിക മൂല്യങ്ങൾക്ക് നെഹ്റു എപ്പോഴും പ്രാധാന്യം നൽകിയിരുന്നു.

സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ, ബാലഗംഗാധരതിലകന്റെ പ്രസംഗങ്ങളാണ് ആദ്യകാലങ്ങളിൽ നെഹ്റുവിനെ കൂടുതൽ സ്വാധീനിച്ചിരുന്നതെങ്കിലും പിൽക്കാലത്ത് ഗാന്ധിയൻ ആശയങ്ങളോടും രീതികളോടും കൂടുതൽ അടുക്കുകയായിരുന്നു. സത്യഗ്രഹവും അഹിംസാസമരവും നിരാഹാരവുമൊക്കെ ദേശീയപ്രസ്ഥാനത്തിന്റെ വിജയത്തിന് ആവശ്യമാണെന്നദ്ദേഹം വിശ്വസിച്ചു.

ബ്രിട്ടീഷുകാരുടെ സാമ്രാജ്യത്വനയങ്ങളോട് എക്കാലവും നെഹ്റു ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. രാജ്യത്തോടും ജനങ്ങളോടും ജീവിതത്തോടുമുള്ള സാംസ്കാരസമ്പന്നമായ വീക്ഷണമാണ് നെഹ്റു എന്ന മനുഷ്യസ്നേഹിയുടെ വിജയം. അക്കാലത്ത് ലഭിക്കാവുന്ന ഏറ്റവും ഉന്നതമായ വിദ്യാഭ്യാസമുള്ള നെഹ്റുവിന്റെ സഹധർമിണി കമല ഒരു വിദ്യാഭ്യാസസ്ഥാപന

ത്തിലും പഠിച്ചിട്ടില്ല. എങ്കിലും അവരുടെ ജീവിതത്തിൽ താളപ്പിഴ കളൊന്നുമുണ്ടായിരുന്നില്ല എന്നത് നെഹ്റുവിന്റെ സംസ്കാരസമ്പന്നതയുടെ അടയാളമാണ്. മറ്റൊന്ന്, അമ്മയും ഭാര്യയും ഒരേ സമയം രോഗശയ്യയിലായപ്പോൾ രണ്ടുപേരെയും നെഹ്റു ഒരുപോലെ ശുശ്രൂഷിച്ചു എന്നതാണ്. അതേക്കുറിച്ച് സഹോദരി കൃഷ്ണ പറയുന്നതിങ്ങനെ, "രോഗിയുടെ മുറിയിൽ നെഹ്റു ഒരു മാതൃകാനഴ്സാണ്. അദ്ദേഹത്തിന്റെ സൗമ്യതയും രോഗിയുടെ വിഷമങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവും ഏറ്റവും വിഷമം പിടിച്ച സന്ദർഭങ്ങളിൽപ്പോലുമുള്ള ക്ഷമയും അനിതരസാധാരണമായ സദ്ഗുണമായിരുന്നു". ഇങ്ങനെ കുടുംബത്തിലും പൊതുസമൂഹത്തിലും രാഷ്ട്രീയത്തിലും നെഹ്റുവിനോടടുത്തിട്ടുള്ളവർക്കെല്ലാം അഭിമാനത്തോടെ മാത്രമേ അദ്ദേഹത്തെ ഓർമിക്കാനാകൂ. പ്രൊഫ. ആന്റണി ഐസക്ക് രചിച്ച ജവഹർ ലാൽ നെഹ്റുവിന്റെ ജീവിതവും വീക്ഷണവും ഉൾക്കൊള്ളുന്ന ഈ കൃതി എല്ലാ മലയാളികൾക്കും വേണ്ടി സസന്തോഷം പ്രസിദ്ധീകരിക്കുന്നു.

തിരുവനന്തപുരം
ഡിസംബർ, 2015

**ഡോ. എം.ആർ. തമ്പാൻ**
**ഡോ. ബി. സുഗീത**

# ഉള്ളടക്കം


| | പേജ് |
|---|---|
| **ഒന്നാം ഭാഗം** | |
| ബാല്യവും വിദ്യാഭ്യാസവും | 3 |
| ഗാന്ധിജിയും നെഹ്റുവും | 21 |
| കുടുംബവും പൊതുപ്രവർത്തനവും | 35 |
| കോൺഗ്രസ് പാർട്ടിയും ലോകമഹായുദ്ധവും | 59 |
| തിരഞ്ഞെടുപ്പും നെഹ്റുവിന്റെ നേതൃത്വവും | 64 |
| ക്വിറ്റ് ഇന്ത്യ | 76 |
| ജവഹർലാലും പുതിയ ഭരണഘടനയും | 84 |
| സ്വതന്ത്രഇന്ത്യയുടെ ജൈത്രയാത്ര | 93 |
| **രണ്ടാംഭാഗം** | |
| ഏതാനും ലേഖനങ്ങളും പ്രസംഗങ്ങളും | 107 |
| ജവഹർലാൽ ഇന്ത്യയുടെ രത്നം | 140 |
| പ്രധാനകൃതികൾ | 151 |
| ജവഹർലാലിന്റെ ജീവിതപ്പാത | 152 |